പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1038 03.12.2014 ലെ മറുപടിയ്ക്ക്

# ബേക്കൽ എയർസ്ട്രിപ്പ്

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ; | എ ) & ബി) | ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് 14.2.2011 ലെ ജി.ഒ.(എം.എസ്) നം.50/2011/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ എന്നാണ് അനുമതി നൽകിയത് ; വിശദാംശങ്ങൾ നല്കാമോ ; | | |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | സി) | പ്രാഥമികാനുമതി ലഭിച്ചതിനു ശേഷം സർക്കാർ സ്ഥലം കൈമാറ്റത്തിന് അപേക്ഷ നൽകുകയും സ്വകാര്യ സ്ഥലം അക്വയർ ചെയ്യാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിക്കുകയും ചെയ്തു. സാധ്യതാ പഠനം നടത്താനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നെ നവംബർ 2012 ന് നിയോഗിക്കുകയും 2013 ന് ഡിസംബറിൽ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) സമർപ്പിക്കുകയും ചെയ്തു. |
| ഡി) | ഈ പദ്ധതി നടപ്പിലാക്കാൻ എത്ര ഏക്കർ ഭൂമി വേണ്ടി വരും ; സർക്കാർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | ഡി) | എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലം കണ്ടെത്തുകയും ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയുടെ കൈമാറ്റത്തിനായി അപേക്ഷ നല്കിയിട്ടുമുണ്ട്. |
| ഇ) | സ്വകാര്യ വ്യക്തികളുടെ എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും ; ആയതിന് തുക നീക്കി വച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | ഇ) | 51.68 ഏക്കർ സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. തുക നീക്കി വച്ചിട്ടില്ല. സ്വകാര്യ സ്ഥലം അക്വയർ ചെയ്യുവാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ